# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3155 — 10.05.2017 — ൽ മറുപടിക്ക്

## രണ്ടുരൂപ നിരക്കിൽ അരി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) രണ്ടു രൂപ നിരക്കിൽ അരി നൽകാനുളളവരുടെ പട്ടികയിൽ നിന്ന് ദരിദ്രർ പുറത്താവുകയും പത്തേക്കർ വരെ ഭൂമിയും മറ്റ് സാമ്പത്തിക സൗകര്യങ്ങളും ഉളളവർ പട്ടികയിൽ ഇടം നേടിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സൗജന്യ ധാന്യം നല്കുന്നുണ്ടെന്നും ഗ്രാമപ്രദേശങ്ങളിൽ ഒരേക്കറിൽ കൂടുതൽ ഭൂമി ഉളളവരെ ഉൾപ്പെടുത്താൻ തീരുമാനിച്ച സാഹചര്യത്തിൽ പരമാവധി എത്ര ഏക്കർ ഭൂമി ഉളളവർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും അർഹതപ്പെട്ടവർ ഒഴിവായതായിട്ടുളള ആക്ഷേപങ്ങൾ പരിശോധിച്ച് വരുകയാണ്. മുൻഗണനാ പട്ടികയിൽ 1,54,80,040 പേർക്ക് സൗജന്യമായി ധാന്യം നൽകുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഒരേക്കറിൽ അധികം ഭൂമിയുണ്ട് എന്ന കാരണത്താൽ മാത്രം ഒഴിവാക്കപ്പെട്ടവരെ കൂടി സബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഭൂമിയുടെ പരമാവധി പരിധി നിശ്ചയിച്ചിട്ടില്ല. |
| (സി) രണ്ടു രൂപ നിരക്കിൽ അരി നൽകുന്നതിനുളള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ നൽകുമോ; | (സി) 12.04.2017 ലെ സ.ഉ(സാധാ)നം.116/2017/ഭ.സി.സ.വ, 21.12.2016 ലെ സ.ഉ(സാധാ) നം.352/2016/ഭ.സി.സ.വ എന്നീ ഉത്തരവുകൾ പ്രകാരം രണ്ട് രൂപ നിരക്കിൽ അരി നൽകുന്നതിനുളള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ യഥാക്രമം അനുബന്ധം - 1, അനുബന്ധം - 2 ആയി ഉളളടക്കം ചെയ്തിരിക്കുന്നു. |
| (ഡി) അർഹതാപട്ടിക തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവസാനമായി തയ്യാറാക്കിയ പട്ടികയുടെ വിവരങ്ങളും നല്കുമോ; | (ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരമുളള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുളള സാങ്കേതിക ചുമതല നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനാണ് നൽകിയിട്ടുളളത്. പട്ടികയുടെ വിവരങ്ങൾ അനുബന്ധം 3 ആയി ഉളളടക്കം ചെയ്തിരിക്കുന്നു. |
| (ഇ) പുതിയ റേഷൻ കാർഡുകളുടെ അച്ചടി കരാർ ഏത് ഏജൻസിക്കാണ് നല്കിയിട്ടുളളതെന്ന് വ്യക്തമാക്കുമോ? | (ഇ) ഉൾപേജുകളുടെ അച്ചടി കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസിനും പുറം ചട്ടയുടെ അച്ചടി സി-ഡിറ്റിനുമാണ് നൽകിയിട്ടുളളത്. |

സെക്ഷൻ ഓഫീസർ

(അനുബന്ധം - 1

# കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 - മുൻഗണനേതര സബ്സിഡി പട്ടിക - പുതുക്കിയ പട്ടിക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.116/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 12.04.2017.

---

പരാമർശം :- 1) സ.ഉ.(കൈ) നം.20/16/ഭസിസവ തീയതി 15.11.2016.

2) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 05.04.2017 ലെ (സി.എസ്) എ3-22448/16 നമ്പർ കത്ത്

## ഉത്തരവ്

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി മുൻഗണനേതര പട്ടികയിൽപ്പെട്ട ആദ്യത്തെ 12150769 ആളുകൾക്ക് 2/- രൂപ നിരക്കിൽ ആളൊന്നിന് 2 കിലോ ഗ്രാം അരി വിതരണം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

1) ഒരു മാർക്കെങ്കിലും കിട്ടിയവർ
2) മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തവരും എന്നാൽ മാർക്ക് ലഭിക്കാത്തവരും
3) 1000 ചതുരശ്ര അടി വീട് എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽ ഉൾപ്പെടാത്തവർ
4) നാല് ചക്രവാഹനം എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനാപട്ടികയിൽ ഉൾപ്പെടാത്തവർ

2) മേൽ മാനദണ്ഡങ്ങളിൽ നാലാം മാനദണ്ഡം കണക്കിലെടുക്കാതെ തയ്യാറാക്കിയ അന്തിമ പട്ടികയിൽ 10482822 പേർ മാത്രമാണ് മുൻഗണനേതര പട്ടികയിൽ ഉൾപ്പെട്ടിരുന്നത്. സർക്കാർ നിശ്ചയിച്ച 12150769 പേർ എന്നത് ഉൾക്കൊള്ളിക്കുന്നതിനു വേണ്ടി ഗ്രാമപ്രദേശത്തെ ഒരേക്കറിലധികം ഭൂമിയുണ്ട് എന്ന കാരണത്താൽ മാത്രം ഒഴിവായി പോയ 750585 പേരെക്കൂടി ഉൾപ്പെടുത്തി മുൻഗണനേതര സബ്സിഡി പട്ടികയിൽ 12114127 പേർ ഉൾപ്പെട്ടതായ താഴെ പറയുന്ന പ്രകാരമുള്ള പുതുക്കിയ പട്ടിക അംഗീകരിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| | | |
|---|---|---|
| 1 | ഒരു മാർക്കെങ്കിലും കിട്ടിയവർ | 7451313 |
| 2 | ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെടാത്തവരും എന്നാൽ മാർക്ക് ഒന്നും കിട്ടാത്തവരും | 547013 |
| 3 | 1000 ച.അടിയെന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ | 2484495 |
| 4 | 4 ചക്രവാഹനം എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ | 880721 |
| 5 | ഗ്രാമപ്രദേശങ്ങളിൽ ഒരേക്കറിലധികം ഭൂമിയുണ്ട് എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ | 750585 |
| | ആകെ | 12114127 |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനേതര സബ്സിഡി വിഭാഗത്തിൽ 12114127 പേർ ഉൾപ്പെട്ടതായ പുതുക്കിയ പട്ടിക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനി ആന്റണി
സ്പെഷ്യൽ സെക്രട്ടറി

1) സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2) സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
4) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം-2

# കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ഭക്ഷ്യ ഭദ്രതാ നിയമം 2013 - പൊതുവിതരണ സമ്പ്രദായം- വിതരണത്തോതും നിരക്കും പുനർ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.352/2016/ഭ.പൊ.വി.വ

തിരുവനന്തപുരം, തീയതി 21.12.2016

പരാമർശം :- 1) സ.ഉ (സാധാ) നം.303/2016/ഭ.പൊ.വി.വ തീയതി 15.11.16.
2) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 10.11.2016 ലെ (സി.എസ്) എ3-22428/2016 നം.കത്ത്.

## ഉത്തരവ്

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുമ്പോൾ പൊതുവിതരണ സമ്പ്രദായ പ്രകാരമുള്ള വിതരണതോതും നിരക്കും എപ്രകാരമായിരിക്കണമെന്ന് പരാമർശ ഉത്തരവ് പ്രകാരം അംഗീകരിക്കുകയുണ്ടായി. എന്നാൽ പരാമർശം (2) പ്രകാരം ഇക്കാര്യത്തിൽ ചില മാറ്റങ്ങൾ സിവിൽ സപ്ലൈസ് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വിതരണത്തോതും നിരക്കും താഴെപറയും പ്രകാരം പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

1) പരാമർശ ഉത്തരവിൽ എ.എ.വൈ. കാർഡുകൾക്കുള്ള 35 കി.ഗ്രാം അരി എന്നതിന് പകരം 28 കി.ഗ്രാം അരിയും 7 കി.ഗ്രാം ഗോതമ്പും എന്ന ക്രമത്തിലും മുൻഗണനാ വിഭാഗങ്ങൾക്ക് 4 കി.ഗ്രാം അരി, 1 കി.ഗ്രാം ഗോതമ്പ് എന്ന ക്രമത്തിലും വിതരണം ചെയ്യേണ്ടതാണ്.
2) ടൈഡ് ഓവർ വിഹിതത്തിൽ നിന്നും കരട് മുൻഗണനാ ഇതര പട്ടികയിൽ ഉൾപ്പെട്ട മുൻഗണനാ മാനദണ്ഡപ്രകാരം ഒരു മാർക്കെങ്കിലും കിട്ടിയവർ, മുൻഗണനാ മാനദണ്ഡത്തിൽപെട്ടവരും എന്നാൽ മാർക്കൊന്നും കിട്ടാത്തവരും, ആയിരം ചതുരശ്ര അടി വീട് എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ, നാല് ചക്ര വാഹനം എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ എന്നിവരുൾപ്പെടുന്ന വിഭാഗത്തിന് രണ്ടു രൂപാ നിരക്കിൽ രണ്ടു കി.ഗ്രാം അരി നൽകേണ്ടതാണ്.

3) മുൻഗണനാ ഇതര വിഭാഗത്തിലെ രണ്ടു രൂപാ നിരക്കിൽ അരി ലഭിക്കുന്ന വിഭാഗത്തിൽപ്പെടാത്തവർക്ക് കാർഡ് ഒന്നിന് 2 കിലോഗ്രാം ആട്ടയും അരിയുടെ വിഹിതത്തിൽ മേൽപ്പറഞ്ഞ പ്രകാരം വിതരണം ചെയ്ത ശേഷം ശേഷിക്കുന്ന അളവിനെ തുല്യമായി വീതിച്ചും വിതരണം ചെയ്യേണ്ടതാണ്.

4) നിലവിൽ സർക്കാർ അംഗീകരിച്ചത് പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം താല്ക്കാലികമായി ഇതേ നിലയിൽ തുടരുകയും അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മുൻഗണനാ / മുൻഗണനാ ഇതര പട്ടിക പുന:പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി സ്ഥിരമായ ഒരു സംവിധാനം നിലവിൽ വരുത്തുന്നതിനാവശ്യമായ ഒരു വ്യക്തമായ നിർദ്ദേശം ഡയറക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. നിലവിൽ ഓരോ വിഭാഗത്തിനും നല്കുന്ന വിഹിതം സംബന്ധിച്ച് വിശദമായ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ പറഞ്ഞ മാറ്റങ്ങളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി**
**സ്പെഷ്യൽ സെക്രട്ടറി**

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
   (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. തദ്ദേശ സ്വയം ഭരണ വകുപ്പ്
6. സാമൂഹിക നീതി വകുപ്പ്
7. റവന്യൂ വകുപ്പ്
8. ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

Total Number of cards and the breakup of Priority,Non-Priority,
State Priority and AAY Cards
State Level Report

19-02-201

| | | NFSA | | | NP(NS) (Non NFSA - NP(S)) |
|---|---|---|---|---|---|
| | | AAY | PHH | NP(S) | |
| S.NO | District Name | Ration Cards | Ration Cards | Ration Cards | Ration Cards |
| 1 | Thiruvananthapuram | 63898 | 351539 | 252935 | 211534 |
| 2 | Kollam | 50108 | 264294 | 226009 | 148792 |
| 3 | Pathanamthitta | 24804 | 99572 | 94921 | 100266 |
| 4 | Alappuzha | 41282 | 201339 | 178060 | 131056 |
| 5 | Kottayam | 35369 | 156478 | 128425 | 163599 |
| 6 | Idukki | 33913 | 119111 | 50559 | 71853 |
| 7 | Ernakulam | 37668 | 243046 | 276885 | 234856 |
| 8 | Thrissur | 54640 | 273199 | 277009 | 171505 |
| 9 | Palakkad | 49261 | 288260 | 199479 | 141057 |
| 10 | Malappuram | 53319 | 338804 | 302650 | 137236 |
| 11 | Kozhikkodu | 40851 | 264397 | 239821 | 155148 |
| 12 | Wayanad | 47068 | 53783 | 43080 | 52268 |
| 13 | Kannur | 35245 | 158804 | 212379 | 159459 |
| 14 | Kasargodu | 28374 | 94083 | 89043 | 65327 |
| | **Total** | **595800** | **2906709** | **2571255** | **1944266** |

സെക്ഷൻ ഓഫീസർ